# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1455.**

**10-02-2020 ൽ മറുപടിയ്ക്ക്**

## കൃഷിയുടെ വ്യാപനം

**ചോദ്യം**

ശ്രീ.വി. കെ. സി. മമ്മത് കോയ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള കാലയളവിൽ കേരളത്തിൽ നെൽകൃഷിയുടെയും മറ്റു പച്ചക്കറി കൃഷികളുടെയും വ്യാപനത്തിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി", കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന" യുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകിവരുന്നു. "ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി" പാലക്കാട് ജില്ലയിൽ നടപ്പാക്കിവരുന്നു.<br>നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിരനെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിന് 5500 രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000 രൂപയും, ഒരുപ്പു കൃഷി ഇരുപ്പുവാക്കുന്നതിനു 10000 രൂപയും കരനെൽകൃഷിയ്ക്ക് 13600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലത്തിലെ കൃഷിയ്ക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമെ ബ്ലോക്കുതലത്തിലുള്ള പദ്ധതികളുടെ സംയോജനത്തിനും റൈസ് മില്ല് സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായവും നൽകിവരുന്നു.<br>നെൽകൃഷിയ്ക്ക് കുമ്മായം വിതരണം ചെയ്യുന്നതിന് ഹെക്ടറൊന്നിന് 5400 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ സൂക്ഷ്മ-ദ്വിതീയ മൂലകവളങ്ങൾ പ്രയോഗിക്കുന്നതിന് ഹെക്ടറൊന്നിന് 500/- രൂപ ധനസഹായവും നൽകുന്നു.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതിപ്രകാരം ഹെക്ടറൊന്നിന് 3500 രൂപയുടെ |

ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000 രൂപ ധനസഹായം നൽകുന്നു. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും, കീടനാശിനി/ ജൈവകീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നല്കുന്നു. മരുന്നു തളിക്കുന്നതിന് സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3000 രൂപയും വിന്നോവറിന് 10000 രൂപയുമാണ് സബ്സിഡി നൽകുന്നത്. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ സബ്സിഡി നൽകുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനു കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ് എം എ എം) " നിലവിൽ ഉണ്ട്.

നെൽകർഷകർക്ക് ഭൂപരിധിയില്ലാതെ കാർഷിക വൈദ്യുതി സൗജന്യവും ഹെക്ടറിനു 1000 രൂപ പ്രകാരം ഉല്പാദന ബോണസ്സും നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ബൃഹത്ത് പദ്ധതിയാണ് **സമഗ്ര പച്ചക്കറി വികസന പദ്ധതി.** കർഷകർക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ ഉല്പാദനോപാധികളും സാങ്കേതിക പരിജ്ഞാനവും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന

പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങൾ ഇവയാണ്.

- വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹനം/ ഓണത്തിനു ഒരു മുറം പച്ചക്കറി പദ്ധതി
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിയ്ക്കുവേണ്ടി മിനിപോളീഹൗസുകളുടെ പ്രോത്സാഹനം
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കൃഷിയിടങ്ങളിൽ ബയോ-കൺട്രോൾ

| | | | |
|---|---|---|---|
| | | | ഏജന്റ് നിർമ്മാണവും പരിശീലനവും<br>• മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം<br>• കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം<br>• സേഫ്-ടു-ഈറ്റ്- ബ്രാൻഡിംഗ്<br>• മഴമറ നിർമ്മാണം<br>• ദേവികുളം ബ്ലോക്കിലെ വെളുത്തുള്ളികളുടെ ഇനം തിരിച്ചുള്ള പഠനം<br>• പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനവും പ്രചരണവും/ ഭൗമ സൂചിക രജിസ്ട്രേഷൻ<br>• വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം |
| (ബി) | ഇത്തരം പദ്ധതികളുടെ ഭാഗമായി നെൽകൃഷിയുടെയും പച്ചക്കറി കൃഷികളുടെയും ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽ നിന്നും 858242 മെട്രിക് ടൺ നെല്ലായിരുന്നു ഉല്പാദിപ്പിച്ചത്. 2018-19-ൽ പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചിട്ടും 202985 ഹെക്ടറിൽ നിന്നും 864144 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. ശരിയായ പദ്ധതി നിർവ്വഹണവും കൃത്യമായ ഇടപെടലുകളും കൊണ്ട് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br>2015-16-ൽ 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്നു പച്ചക്കറി ഉല്പാദനം. 2017-18-ൽ അത് 10.01 ലക്ഷം ടണ്ണായും 2018-19-ൽ 12.12 ലക്ഷം ടണ്ണായും വർദ്ധിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിലെ നാണ്യവിള കർഷകരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ? | (സി) | കേരളത്തിലെ നാണ്യവിള കർഷകരെ സഹായിക്കുന്നതിനായി പ്രധാന സുഗന്ധ-വ്യഞ്ജന വിളകളുടെ വികസന ത്തിനായിട്ടുള്ള ഒരു പ്രത്യേക പദ്ധതി കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കുരുമുളക തോട്ടങ്ങളുടെ പുനരുദ്ധാരണം, വിള വ്യാപനം, നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, കീട രോഗ നിയന്ത്രണം മുതലായ ഘടകങ്ങൾക്ക് പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കാസർഗോഡ് ജില്ലയിലെ കവുങ്ങു കർഷകരെ സഹായിക്കുന്നതിനായി 'അരക്കനട്ട് പാക്കേജ്' എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. അടയ്ക്കാത്തോട്ടങ്ങളിൽ രോഗബാധിതമായ മരങ്ങൾ നീക്കം ചെയ്ത് പുതിയ തൈകൾ നട്ടു പിടിപ്പിക്കൽ, |

| | | | |
|---|---|---|---|
| | | | ഉത്പാദനോപാധികൾ, രോഗനിയന്ത്രണം എന്നിവയ്ക്ക് പ്രസ്തുത പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നു. റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ റബ്ബർ കർഷർക്ക് ഒരു കിലോയ്ക്ക് 150 രൂപ ഉറപ്പ് വരുത്തുന്നു. റബ്ബർ ഉത്പാദന സംഘങ്ങൾ മുഖേന രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് വിപണി വില താഴുന്ന അവസരങ്ങളിൽ കിലോയ്ക്ക് 150 രൂപ അടിസ്ഥാനമാക്കി ശേഷിക്കുന്ന തുക സർക്കാർ ധനസഹായമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. |

**സെക്ഷൻ ഓഫീസർ**